പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**തൊഴിൽ നഷ്ടപ്പെട്ടവരെ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2931 — 22.02.2016 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.ശിവൻകുട്ടി<br>,, എ.എം. ആരിഫ്<br>,, ബാബു എം. പാലിശ്ശേരി<br>,, കെ. ദാസൻ | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളെ സംയോജിപ്പിച്ച് നഗരസഭകളാക്കി മാറ്റിയപ്പോൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലെടുത്തവർക്ക് തൊഴിൽ നഷ്ടപ്പെടാൻ ഇടയായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | പുതുതായി രൂപീകരിക്കപ്പെട്ട നഗരസഭകളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുവേണ്ടി പഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള വേതനം, ഹോണറേറിയം എന്നിവ 30.11.2015 വരെ അനുവദിക്കുന്നതിനും പുതുതായി രൂപീകരിച്ച നഗരസഭകളിൽ 01.01.2016 മുതൽ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനാൽ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടാൻ ഇടയില്ല. |
| (ബി) | ഇപ്രകാരം തൊഴിൽ നഷ്ടപ്പെട്ടവരെ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (ബി) | നഗരസഭാ പരിധിയിൽ സ്ഥിരം താമസക്കാരായ കുടുംബങ്ങൾക്ക് അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽ അംഗമാകാവുന്നതാണ് |
| (സി) | നഗരപ്രദേശങ്ങളിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിനും അതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ